5

# “യെരുശലേമിൽ തുടങ്ങി”

# (2:1-13)

ബൈബിളിലെ പല അദ്ധ്യായങ്ങളും വളരെ മഹത്തായവയാണ്. ആമാഹാത്മ്യം പ്രകടിപ്പിക്കുവാൻ തക്ക കഴിവു നമ്മിൽ തരുവാൻ അവ നിർവ്വഹിച്ചിട്ടുണ്ട്. ചിലതു ഉല്പത്തി 1, യെശയ്യാവ് 53, റോമർ 8, 1 കൊരിന്ത്യർ 15, എബ്രായർ 11 എന്നിവയാണ്. പ്രവൃത്തികളുടെ പുസ്തകം 2-ാം അദ്ധ്യായവും മഹത്തായ ഒന്നാണ്. ഈ ഒരദ്ധ്യായ ത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ് *ദി ഹബ് ഓഫ് ദി ബൈബിൾ* എന്ന വിഷയത്തിൽ പ്രതിപാദിക്കാവുന്നതാണ്.

ക്രിസ്തുവിന്റെ ഉയിർപ്പിനു ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തിനെക്കുറിച്ചു പ്രവൃത്തി 2 പറയുന്നു. ആ പെരുനാളിൽ എന്തു സംഭവിക്കുന്നു എന്നു (ഉടനെ വരുന്നു) വിവരിച്ചിരിക്കുന്നു: ആദ്യമായി, സുവിശേഷ പ്രസംഗം അതിന്റെ പൂർണ്ണതയോടെ നടന്നു. പുതിയൊരു ജനസമൂഹമായ - സഭ സ്ഥാപിതമായി, പിന്നീട് അവർ ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടു (പ്രവൃത്തി 11:26). ദൈവത്തിന്റെ നിത്യ പദ്ധതികളുടേ യും ഉദ്ദേശങ്ങളുടേയും ഉച്ചസ്ഥായിലെത്തി ദിവസമായിരുന്നു അത് (എഫെസ്യർ 3:10, 11).

ആ ദിവസത്തെ സംഭവങ്ങൾ നാം പഠിക്കുമ്പോൾ, യെശയ്യാവ് 2 ലെ ചില മുഖ്യവാക്ക്യങ്ങൾ ഉപയോഗിച്ചിരിക്കുന്നതു നോക്കാം. മശിഹയുടെ രാജ്യസ്ഥാപനത്തെക്കുറിച്ചാണ് ആ വാക്യം പറയുന്നതു: “*അന്ത്യകാലത്തു,* യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിക്കയും ...” (വാക്യം 2; എംഫസിസ്മൈൻ) “*സകലജാതികളും* അതിലേക്കു ഒഴുകിച്ചെല്ലും” (വാക്യം 2). പിന്നെ പറഞ്ഞു, “സിയോനിൽ നിന്നു ഉപദേശവും, *യെരുശലേമിൽ നിന്നു* യഹോവയുടെ വചനവും പുറപ്പെട്ടു” (വാക്യം 3; എംഫസിസ്മൈൻ).

ഉയിർത്തെഴുന്നേല്പിനുശേഷം യേശു തന്റെ ശിഷ്യന്മാരോടു സംസാരിക്കുമ്പോൾ ആണ് യെശയ്യാവിന്റെ പദപ്രയോഗം ഉദ്ധരിച്ചത്:

ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ

നിന്നു ഉയർത്തെഴുന്നേല്ക്കയും; അവന്റെ നാമത്തിൽ മാനസാന്ത രവും പാപമോചനവും *യെരുശലേമിൽ തുടങ്ങി സകല ജാതിക ളിലും,* പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോസ് 24:46, 47; എംഫസിസ്മൈൻ).[1]

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുൻപു, അവൻ അപ്പൊ സ്തലന്മാരോടു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് ലഭിക്കുവാൻ *യെരു ശലേമിൽ* കാത്തിരിക്കുവാൻ കല്പിച്ചിരുന്നു (1:4, 5). *യെരുശലേമിൽ* തുടങ്ങി "ലോകത്തിന്റെ അറ്റത്തോളവും" അവർ അവന്റെ സാക്ഷികൾ ആകണമെന്നും അവൻ തറെപ്പിച്ചു പറഞ്ഞിരിക്കുന്നു (1:8). അവന്റെ ആരോഹണശേഷം അപ്പൊസ്തലന്മാർ *യെരുശലേമിലേക്കു* മടങ്ങി വന്നു (ലൂക്കോസ് 24:52, 53; പ്രവൃത്തി 1:12, 13). പരിശുദ്ധാത്മാവു അവരുടെ മേൽ വന്നപ്പോൾ അവർ അവിടെ കാത്തിരിക്കയായിരുന്നു (2:1–4).

പ്രവൃത്തി 11–ൽ പത്രൊസ് ഊന്നി പറഞ്ഞു, പ്രവൃത്തി 2–ൽ സംഭ വിച്ചതു "ആദിയിൽ" എന്നായിരുന്നു പറഞ്ഞത്. കൊർന്നേല്യോസിന്റെ, ഭവനത്തിലുണ്ടായിരുന്നവരുടെമേൽ പരിശുദ്ധാത്മാവു വന്നതിനെക്കു റിച്ചു വിവരിച്ചുകൊണ്ടാണ്, "*ആദിയിൽ* നമ്മുടെ മേൽ എന്നപോലെ, അവരുടെമേലും, പരിശുദ്ധാത്മാവു വന്നു എന്നു പറഞ്ഞത്" (വാക്യം 15; എംഫസിസ്മൈൻ). ഇതു വ്യക്തമാക്കുന്നതു പ്രവൃത്തി 2ലെ പെന്തെ ക്കൊസ്തുനാൾ *യെരുശലേമിലെ തുടക്കം ആയിരുന്നു* എന്നാണ്. നമ്മുടെ ഈ പാഠത്തിൽ, യെശയ്യാവും, യേശുവും മറ്റുള്ളവരും മുൻപ റഞ്ഞ സംഭവങ്ങളുടെ നിവർത്തീകരണത്തെ പ്രവൃത്തി 2 ന്റെ നിരീ ക്ഷണത്തിൽ നാം കാണുകയാണ്.

ആദ്യം, നമുക്കു ആ സംഭവിച്ച രംഗമൊന്നു പരിഗണിക്കാം. യെഹൂ ദന്മാരുടെ വലിയ മൂന്നു പെരുനാളുകളിൽ ഒന്നായിരുന്നു പെന്തെകൊ സ്തുനാൾ: പെരുനാൾ വരുന്നതു (ഏതാണ്ടു ഏപ്രിൽ മദ്ധ്യത്തോടെ യാണ്), പെന്തെകൊസ്തു വരുന്നതു (ജൂൺ ആദ്യമായിട്ടാണ്), കൂടാര പെരുനാൾ (ഒക്ടോബറിലും)[2] വരുന്നു.

പഴയ നിയമത്തിൽ പെന്തെകൊസ്തു നാൾ വിവിധ പേരുകളിൽ അറിയപ്പെട്ടിരുന്നു: വാരോത്സവം[3] (കാരണം അതു പെസഹകഴിഞ്ഞു ഏഴു ആഴ്ച്ചകളാണ് [ലേവ്യാപുസ്തകം 23:15; ആവർത്തന പുസ്തകം 16:9]), കൊയ്ത്തു പെരുനാൾ (പുറപ്പാട് 23:16) – (കാരണം അതു യവ ക്കൊയ്ത്തു പൂർത്തിയാക്കുമ്പോഴാണ്), ആദ്യ ഫലപെരുനാൾ (പുറപ്പാട് 23:16; സംഖ്യാപുസ്തകം 28:26) – (കാരണം ആ ദിവസ മാണ് അവരുടെ കോതമ്പ് കൊയ്തു കിട്ടുന്ന ആദ്യ ഫലം ദൈവ ത്തിന്നു കൊണ്ടു വരുന്ന ദിവസം[4]). മഹാനായ അലെക്സാണ്ടർ, ചക്ര വർത്തിയുടെ കീഴ്പ്പെടത്തലിന്നുശേഷം ഗ്രീക്കു ഭാഷ വിദേശത്തേക്കു പ്യാപിച്ചു. അങ്ങനെ ഈ പെരുനാൾ ഗ്രീക്കു വാക്കായ "പെന്തെ ക്കൊസ്തു,"[5] എന്നറിയപ്പെടാൻ തുടങ്ങി. അതിനർത്ഥം "അമ്പതാം"[6] എന്നാണ്. പെസഹ കഴിഞ്ഞു അമ്പതാം നാൾ ഇതു ആചരിക്കുവാൻ കാരണമിതാണെന്ന് സൂചിപ്പിക്കുന്നു.[7]

ശാരീരിക – ശേഷിയുള്ള എല്ലാ പുരുഷന്മാരും ഈ പെരുനാളു

കൾക്കു,[8] ലോകത്തിൽ എവിടെയാണെങ്കിലും ചെയ്തു യെരുശലേമിൽ എത്തും. യേശുവിനെ ക്രൂശിൽ തറെക്കുവാൻ ദൈവം തിരഞ്ഞെടുത്ത സമയം, പെസഹാപെരുനാൾ ആയതുകൊണ്ട്, അപ്പോൾ ആയിരിക്കണക്കിനു, യെഹൂദന്മാർ കൂടിയിരുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ പ്രസംഗിക്കുന്നതു ആരംഭിക്കുവാനും തന്റെ രാജ്യസ്ഥാപനത്തിനും ദൈവം തിരഞ്ഞെടുത്ത മറ്റൊരു പെരുനാളായിരുന്നു പെന്തെകൊസ്തു. പെസഹാപെരുനാളിൽ, സന്നിഹിതരാകുന്ന ജനക്കൂട്ടത്തേക്കാൾ പെന്തെകൊസ്തു പെരുനാളിലാണ് യെരുശലേമിൽ ജനക്കൂട്ടം വർദ്ധിക്കുവാൻ ഇടയുണ്ട്, കാരണം ജനത്തിൽ സഞ്ചാരസൗകര്യം മെച്ചപ്പെട്ടതാണ്.

പെന്തെകൊസ്തു നാളിൽ വിശ്രമത്തിന്റേയും ആഘോഷത്തിന്റെയും സന്ദർഭമാണ്. പല ദേശത്തും ഒത്തു ചെരുന്ന വർണ്ണാഭമായ, ഒഴിവുകാലം ആഘോഷിക്കുന്ന പ്രതീതിയാണുണ്ടാവുക. ഇടുങ്ങിയ യെരുശലേം വീഥികൾ തിങ്ങിനിറഞ്ഞു ആളുകൾ നീങ്ങാതിരിക്കയാണ് യെരുശലേമിലേക്ക്. ഈ രംഗത്തോടുകൂടി നമുക്കു പ്രവൃത്തികൾ 2 ആരംഭിക്കാം.

### രാജ്യം/സഭയുടെ ആരംഭം
### (2:1-4)

"യഹോവയുടെ ആലയം" സിയോനിൽ, അഥവാ യെരുശലേമിൽ "അന്ത്യകാലത്തു" സ്ഥാപിതമാകും എന്നാണ് പറഞ്ഞതു (യെശയ്യാവ് 2:2, 3). ദൈവത്തിന്റെ ആലയം അഥവാ സഭയാണെന്നു പൗലോസ് പിന്നീട് തിരിച്ചറിഞ്ഞു (1 തിമൊഥെയൊസ് 3:15).[9] യേശു ഭൂമിയിലായിരുന്നപ്പോൾ, തന്റെ ദൈവിക സ്ഥാപനമായ "രാജ്യ" ത്തെ കുറിച്ച് പതിവായി സംസാരിച്ചിട്ടുണ്ട്. മത്തായിയുടെ സുവിശേഷത്തിലാണ് അതിനെ സഭയായി തിരിച്ചറിയുമാറാക്കിയത് (മത്തായി 16:18, 19).[10] ആ രാജ്യം/സഭ "ശക്തിയോടെ വരും" എന്നു യേശു ഊന്നി പറഞ്ഞിരുന്നു (മർക്കോസ് 9:1); താൻ സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു തൊട്ടു മുൻപു അവൻ അപ്പൊസ്തലന്മാരോട്, പരിശുദ്ധാത്മാവ് വരുമ്പോൾ അവർക്കു ശക്തി ലഭിക്കും എന്നു പറഞ്ഞിരുന്നു (1:8). പ്രവൃത്തി 2-ൽ ആ ശക്തി നാടകീയമായി വന്നു:

> പെന്തെകൊസ്തു നാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തുനിന്നു ഒരു മുഴക്കം ഉണ്ടായി. അവർ ഇരുന്നിരുന്ന വീടു, മുഴുവനും നിറെച്ചു.[11] അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു,[12] *എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി, ആത്മാവു* അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി (വാക്യം 1-4; എംഫസിസ് മൈൻ).

ഇതെത്ര ആവേശം ഉണർത്തിയ രംഗം ആയിരുന്നിരിക്കും! "കൊടിയ, കാറ്റടിക്കുന്നതുപോലെ" ഒരു ശബ്ദം *കേട്ടു* - വായുവിന്റെ

ഇളക്കം ഇല്ലായിരുന്നു - പക്ഷേ വലിയ കാറ്റിന്റെ ശബ്ദമായിരുന്നു കേ ട്ടത്. (ഞാൻ ഓക്ലഹോമിൽ ജനിച്ചു, വളർന്നതുകൊണ്ടു എനിക്കു ചുഴലിക്കാറ്റിന്റെ ഗർജ്ജനത്തെ കുറിച്ചു ചിന്തിക്കാൻ കഴിയും!) കണ്ട *കാഴ്ച:* "അഗ്നിജ്വാല പോലെ പിളർന്ന നാവുകളായിരുന്നു." സ്വീകരിക്കുന്നവരുടെ തലയിലാണ് അതു പിളർന്നിരിക്കുന്നതുപോലെ കണ്ടത് - വാസ്തവത്തിൽ "അഗ്നിയാലുള്ള സ്നാനം ആയിരു*ന്നില്ല*"[13] - ഇതു യോഹന്നാൻ പറഞ്ഞ തീയാലുള്ള സ്നാനവുമായിരുന്നില്ല. അഗ്നിയുടെ കാഴ്ച്ച മാത്രമായിരുന്നു.[14] പിന്നെ *പ്രവൃത്തി* ആരംഭിക്കയാണ്: ആത്മാവു നിറഞ്ഞവർ "അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി." "ഭാഷകൾ" എന്നതു ഗ്രീക്കിൽ തർജ്ജിമ ചെയ്തതു *ഗ്ലോസാ*[15] ബഹുവചന രൂപത്തിലാണ്. ഈ വാക്ക് അസ്പഷ്ടമായ പുലമ്പൽ അല്ലായിരുന്നു,[16] അന്നു നിലവിലുണ്ടായിരുന്ന *ഭാഷകളായിരുന്നു* അവർ സംസാരിച്ചതു: "വന്നു കൂടിയ *ഓരോരുത്തരുടേയും ഭാഷയിലാണ്* കേട്ടത്"; "നമ്മുടെ *സ്വന്തഭാഷയിൽ* അവർ സംസാരിക്കുന്നങ്ങനെ" എന്നായിരുന്നു അവർ ചോദിച്ചത് (വാക്യം 6, 8; എംഫസിസ്മൈൻ).[17]

അപ്പൊസ്തലന്മാർ അന്യഭാഷയിൽ സംസാരിച്ച വിഷയം എന്തെന്നു 11-ാം വാക്യം പറയുന്നു: "ദൈവത്തിന്റെ വൻ കാര്യങ്ങൾ." ഇതു യിസ്രായേലിനുവേണ്ടി - അവരിൽകൂടെ പ്രവർത്തിച്ച മോശെയിൽ തുടങ്ങി ദാവീദ് വരെയും തുടർന്നു പ്രവാചകന്മാർ വരെയുള്ള ചരിത്ര നിരീഷണമായിരിക്കാം[18] (ഒരുപക്ഷേ മശിഹയെക്കുറിച്ചുള്ള പ്രവചനങ്ങളും ഉൾപ്പെട്ടിരിക്കാം). പത്രോസിന്റെ പ്രസംഗത്തിനായി അത്രപെട്ടെന്നു മറ്റൊരുവിശയത്തിനും ആളുകളുടെ പ്രീതി നേടുവാൻ കഴിയുകയില്ല.

ദൈവം പത്തു കല്പനകൾ നല്കിയപ്പോൾ, ഭൂമികുലുങ്ങി, ഇടിയും മിന്നലും, പുകയും പുറപ്പെട്ടു (പുറപ്പാട് 19:18). ദൈവം തന്റെ പുതിയ നിയമം നല്കിയപ്പോൾ തന്റെ ശക്തിയാൽ ആളുകളെ ആകർഷിച്ചു, - *ശബ്ദത്താൽ* (കാറ്റ്), *പ്രതീകത്താൽ* (അഗ്നിജ്വാല), *അടയാളങ്ങൾ* (അന്യഭാഷയിൽ സംസാരിച്ചു)!

*പരിശുദ്ധാത്മാവു* വരുമ്പോൾ, *ശക്തി* വരുമ്പോൾ - *രാജ്യം* വരുമെന്നും, യേശു പറഞ്ഞിരുന്നു. അങ്ങനെ വാഗ്ദാനം ചെയ്ത രാജ്യം പ്രവൃത്തി 2-ൽ വരുന്നു! അതിനുശേഷം, രാജ്യം/സഭയെക്കുറിച്ചു സംസാരിക്കുമ്പോഴെല്ലാം അതു നിലനില്ക്കുന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത് (5:11; കൊലൊസ്യർ 1:13; മുതലായവ).[19]

ചിലർക്കു പ്രവൃത്തി 2ലെ രാജ്യസ്ഥാപനം എന്ന (സംഭവ മുഷിപ്പിനായി) തോന്നിയേക്കാം. ഈ സംഭവങ്ങൾ ആവേശകരമായി അനുമോദിക്കണമെങ്കിൽ നിങ്ങൾ ദൈവഭക്തനായ ഒരു യെഹൂദനാണെന്നു സങ്കല്പിക്കുക. ആയുഷ്കാലം മുഴുവൻ ... മശിഹായുടെ രാജ്യസ്ഥാപനത്തിനു വേണ്ടി കാത്തിരിക്കയാണ്. നിങ്ങളുടെ പിതാവ് അദ്ദേഹത്തിനെ ... അദ്ദേഹത്തിന്റെ പിതാവ് ... ഇങ്ങനെ - നൂറ്റാണ്ടുകളായി! പ്രാർത്ഥിക്കയും കാത്തിരിക്കയും ചെയ്തിരിക്കയായിരുന്നു. ഇന്നു നാം ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരുന്നതു പോലെയാണ് ഒരു യെഹൂദന്നു, മശിഹായുടെ രാജ്യസ്ഥാപനം!

## അപ്പൊസ്തലന്മാരിൽ ശക്തി തുടങ്ങുന്നു
**(2:1-13)**

രാജ്യത്തിന്റെ/സഭയുടെ ആവിർഭാവത്തോടെ അപ്പൊസ്തലന്മാരിൽ ശക്തിയും പ്രവർത്തിക്കാൻ തുടങ്ങിയതായി പ്രവൃത്തി 2 വ്യ ക്തമാക്കുന്നു.

അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിൽ സ്നാനമേല്ക്കയും പരിശുദ്ധാത്മാവു വരുമ്പോൾ "*ശക്തി* ലഭിക്കുമെന്നും" യേശു അവരോടു പറഞ്ഞിരുന്നു (1:5, 8). ''ബാപ്റ്റിസം'' എന്ന വാക്കിന്റെ അക്ഷരിക അർത്ഥം "മുങ്ങൽ" എന്നാണ്. അപ്പൊസ്തലന്മാർ പരിശുദ്ധാത്മ ശക്തിയാൽ *മുങ്ങപ്പെട്ടു.* നശ്വര മനുഷ്യനു ഒരിക്കലും കിട്ടിയിട്ടില്ലാത്ത അളവിലായിരുന്നു പരിശുദ്ധാത്മാവിന്റെ അത്ഭുതശക്തി അപ്പൊസ്തലന്മാർക്കു ലഭിച്ചത് തുടർന്നുള്ള അദ്ധ്യായങ്ങളിൽ, അവർ ദൈവശ്വാസീയ പ്രസംഗങ്ങൾ, നടത്തിയതിന്നു പുറമെ അവർ രോഗികളെ സൗഖ്യമാക്കുന്നതും, ഭൂതങ്ങളെ പുറത്താക്കുന്നതും, മരിച്ചവരെപോലും ഉയിർപ്പിക്കുന്നതും കാണും (5:12-16; 9:36-41).

പ്രവൃത്തി 1:15ലെ 120 പേർക്കും പരിശുദ്ധാത്മ സ്നാനം ലഭിച്ചു എന്നു ചിലർ പഠിപ്പിക്കുന്നുണ്ട്. (2:1ലെ "അവർ" എന്ന പ്രയോഗം 120 പേരെയാണ് സൂചിപ്പിക്കുന്നതു എന്നാണ് അവരുടെ പക്ഷം), എന്നാൽ വേദഭാഗത്ത് ഇതിനു തെളിവില്ല.[20] താഴെ കൊടുത്തവ പരിഗണിക്കുക: (1) പ്രവൃത്തി 1-ൽ യേശു പരിശുദ്ധാത്മ സ്നാനം വാഗ്ദാനം ചെയ്തതു അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു (1:2, 4, 5). (2) പ്രവൃത്തി 2:1ലെ "അവർ" എന്നതിനു മുൻപ് ഉപയോഗിച്ച വാക്ക് "അപ്പൊസ്തലന്മാർ" എന്നാണ് 1:26. (മൂലഭാഷയിൽ അദ്ധ്യായങ്ങളെയോ വാക്യങ്ങളെയോ വിഭജിച്ചിരുന്നില്ല.) (3) ആത്മാവു നിറഞ്ഞവരെല്ലാം അന്യഭാഷകളിൽ സംസാരിച്ചിരുന്നു (2:4), ആ സംസാരിച്ചവരെല്ലാം ഗലീലാക്കാർ ആയിരുന്നു (2:7). അപ്പൊസ്തലന്മാർ എല്ലാവരും ഗലീലക്കാർ ആയിരുന്നു, പക്ഷേ 120 പേർ എല്ലാവരും അല്ല താനും.[21] (4) ആത്മാവു നിറഞ്ഞവരെയാല്ലാം ലഹരിപിടിച്ചവർ എന്നു കുറ്റപ്പെടുത്തി (2:13), പക്ഷേ പത്രൊസ്, ''മറ്റു പതിനൊന്നു അപ്പൊസ്തലന്മാരോടു കൂടെ നിന്നു [അതായത്., മറ്റു *അപ്പൊസ്തലന്മാർ*]," പറഞ്ഞു, ''ഇവർ ലഹരിപിടിച്ചവരല്ല'' (2:15; എംഫസിസ് മൈൻ). (5) 2:37-ൽ അപ്പൊസ്തലന്മാരോടാണ് ചോദിച്ചത്, അതു സൂചിപ്പിക്കുന്നതു അവർ മാത്രമാണ് അന്യഭാഷയിൽ സംസാരിച്ചത് എന്നാണ്. (6) പ്രവൃത്തികളുടെ പുസ്തകത്തിൽ പ്രാരംഭത്തിലെല്ലാം അപ്പൊസ്തലന്മാർക്കുമാത്രമായിരുന്നു അത്ഭുതശക്തിയാൽ (2:4), സംസാരിച്ചവർ (2:43; 4:33; 5:12). അതുകൊണ്ടു, 2:1-4 വരെയുള്ള, ഭാഗത്തു *അപ്പൊസ്തല* ശക്തി ആരംഭിക്കുന്നതാണ് എന്നു നമുക്കു തീർച്ചയാക്കാം.

ഈ ശക്തിപ്രദർശനത്തിനു പല ഉദ്ദേശങ്ങൾ ഉണ്ടായിരുന്നു. അതു, അപ്പൊസ്തലന്മാരെ ശക്തിപ്പെടുത്തുക മാത്രമല്ല ധൈര്യപ്പെടുത്തുകയും ചെയ്തു. (അപ്പൊസ്തലന്മാർക്കു വാസ്തവത്തിൽ സുവിശേഷം എടുത്തു "ഭൂമിയുടെ അറ്റത്തോളം" പ്രതിനിധിക്കായി പോയി. "ആകാശത്തികീഴിൽ സകല ജാതികളോടു" ദൈവസഹായത്താൽ, പ്രസംഗി

ക്കുവാനും, പരിവർത്തനം ചെയ്യിക്കുവാനും, കഴിയുമെന്നു അപ്പൊസ്തലന്മാരെ ബോധ്യപ്പെടുത്താൻ യേശു ഉദ്ദേശിച്ചിരിക്കാം!) അടുത്തതു, ഈ ശക്തി പ്രദർശനം യെരുശലേമിലുള്ളവരുടെ ശ്രദ്ധയെ ആകർഷിക്കയും അപ്പൊസ്തലന്മാരുടെ പ്രസംഗം കേട്ടു സത്യം സ്വീകരിക്കുവാൻ ആളുകളുടെ മനസുകളെ ഒരുക്കുവാനും വേണ്ടിയായിരുന്നു.

വാക്യം 2 പറയുന്നതു, "കൊടിയ കാറ്റടിക്കുന്നതുപോലെ,യുള്ള ശബ്ദം കേട്ടു എന്നു പറയുന്നു ... അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറച്ചു." അവർ ഇരുന്ന "വീട്" "മാളികമുറി" യാവാനാണ് സാദ്ധ്യത (1:13), സൂചന കൂടുതലും നല്കുന്നതു ദൈവാലയമാണ്.[22] കാരണം "അവർ എല്ലായ്പ്പോഴും *ദേവാലയത്തിൽ* ഇരുന്നു, ദൈവത്തെ വാഴ്ത്തിപോന്നു" (ലൂക്കോസ് 24:53; എംഫസിസ്മെൻ). വായു സ്മശാന മൂകതയോടെ ഇരിക്കുമ്പോൾ കൊടുങ്കാറ്റിന്റെ ഗർജ്ജിക്കുന്നതുപോലെയുള്ള ശബ്ദത്തെക്കാൾ ജനക്കൂട്ടത്തിന്റെ ശ്രദ്ധയാകർഷിക്കാൻ പറ്റിയ വേറെമാർഗ്ഗം കണ്ടെത്താൻ പ്രയാസമാണ്[23] ... അല്ലെങ്കിൽ പന്ത്രണ്ടു പുരുഷന്മാരുടെ തലയിൽ മിന്നിതിളങ്ങുന്ന അഗ്നിജ്വാലയേക്കാൾ പറ്റിയ മറ്റൊന്നു കണ്ടെത്താൻ പ്രയാസമാണ് ... അതുപോലെ തന്നെ "ദൈവത്തിന്റെ വൻകാര്യങ്ങളെ" പ്രസ്താവിക്കുവാൻ അത്ഭുതകരമായി ഓരോരുത്തരും പ്രാദേശികഭാഷയിൽ അപ്പൊസ്തലന്മാർ സംസാരിക്കുന്നതിനേക്കാൾ ഫലപ്രദമായ മറ്റൊന്നു ചിന്തിക്കാൻ പോലും സാദ്ധ്യമല്ല!

എങ്ങനെയാണ് കേൾവിക്കാർ അധികവും സ്വാധീനിക്കപ്പെട്ടത് എന്നു 5 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ പറയുന്നുണ്ട്: അവർ "അമ്പരന്നു" (വാക്യം 6) "അവർ ഭ്രമിച്ചു [അവർ] ആശ്ചര്യപ്പെട്ടു" (വാക്യം 7). "എല്ലാവരും ഭ്രമിച്ചു ... ചഞ്ചലിച്ചു" (വാക്യം 12).

"അന്നു ആകാശത്തിൻ കീഴിലുള്ള സകലജാതികളിൽ നിന്നും, യെരുശലേമിൽ വന്നു പാർക്കുന്ന, യെഹൂദന്മാരായ ഭക്തിയുള്ള[24] പുരുഷന്മാർ ഉണ്ടായിരുന്നു" എന്നു പറഞ്ഞാണ് ഭാഗം ആരംഭിക്കുന്നത് (വാക്യം 5). "പാർക്കുന്ന" എന്നതു കൊണ്ടു അവർ സ്ഥിരമായി യെരുശലേമിൽ താമസിക്കുന്നു എന്നു കരുതരുത്. അവർ അവിടെ വന്നു പാർക്കുന്നവരായിരുന്നു.[25] അനേകർ ആയിരക്കണക്കിനു മൈലുകൾ, സഞ്ചരിച്ചാണ് പെരുനാളിനു വന്നിരിക്കു ന്നത്. പെസഹയ്ക്കും പെന്തെകൊസ്തിനും, ഇടയ്ക്കു രണ്ടു മാസത്തിൽ കുറവേ സമയമുള്ളൂ. അതാണ് അവർ യെരുശലേമിൽ തന്നെ വന്നു പാർക്കുന്നതിന്റെ കാരണം.

"മുഴക്കം ഉണ്ടായപ്പോൾ [അതു ഒരുപക്ഷേ കൊടിയ കാറ്റിന്റെ മുഴക്കമായിരിക്കാം[26]] പുരുഷാരം വന്നു കൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ, അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നുപോയി" (വാക്യം 6). സംഘടിപ്പിക്കലിനെകുറിച്ചു വിവരിക്കുന്നില്ല. പക്ഷേ അപ്പൊസ്തലന്മാർ, ജാതികൾക്കുള്ള പ്രകാരങ്ങളിൽ സ്ഥാനം പിടിച്ചുകൊണ്ടു സംസാരിക്കയാകാം ചെയ്തത് പന്ത്രണ്ടിലധികം ദേശക്കാർ പ്രതിനിധീകരിച്ചിരിക്കുന്ന,[27] കൂട്ടമായിരുന്നതുകൊണ്ട് അപ്പൊസ്തലന്മാരിൽ ചിലരോ (അല്ലെങ്കിൽ എല്ലാവരുമോ) ഒന്നിലധികം ഭാഷകളിൽ സംസാരിച്ചിരിക്കാം.

"എല്ലാവരും ഭ്രമിച്ചു, ആശ്ചര്യപ്പെട്ടു, 'ഈ സംസാരിക്കുന്നവർ, ഗലീലക്കാർ അല്ലയോ?' " (വാക്യം 7). സദസ്യർക്കു അപ്പൊസ്തലന്മാർ

ഗലീലക്കാർ എന്നറിയാമായിരുന്നതിന്റെ കാരണം അവരുടെ ഉച്ചാരണമായിരുന്നു[28] (അതു മറ്റുയെഹൂദന്മാർക്കു കഠിനവും അനാകർഷണീയവുമായിരുന്നു). ഗലീലക്കാർ സംസ്ക്കാരത്തിൽ പിന്നോക്കവും വിദ്യാരഹിതരും ആയ ആളുകളുണ്ടായിരുന്നു (4:13). ഈ ഗലീലക്കർ മറ്റെല്ലാഭാഷകളിലും, വാഗ്വൈഭവത്തോടെ സംസാസരിച്ചപ്പോൾ ജനക്കൂട്ടം അതിശയിച്ചു.

"പിന്നെ നാം ഓരോരുത്തർ ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ[29] അവർ സംസാരിച്ചുകേൾക്കുന്നതെങ്ങനെ?" (വാക്യം 8).[30] ക്രൂരമായ ഉപദ്രവവും സാമ്പത്തിക ആവശ്യവും നിമിത്തം യെഹൂദന്മാർ ലോകത്തിൽ എല്ലാദേശത്തും ആയി ചിതറി പോയിരുന്നു. ചിതറിപോയവരിൽ അധികംപേരും ചുരുങ്ങിയതു മൂന്നുഭാഷകളെങ്കിലും: സംസാരിച്ചിരുന്നു. പ്രാദേശികമായ യെഹൂദഭാഷ (എബ്രിയ അല്ലെങ്കിൽ അരാമിക്[31]), കൊയിനേ[32] ഗ്രീക്ക് (അന്നത്തെ സാർവ്വദേശീയ ഭാഷ), പിന്നെ അവർ താമസിക്കുന്ന രാജ്യത്തിലെ ഭാഷ എന്നിവയാണ്. അവിടെ പറഞ്ഞിരിക്കുന്നതു. "നാം ജനിച്ച നമ്മുടെ സ്വന്തഭാഷയിൽ എന്നാണ്."

പതിനഞ്ചോളം പ്രദേശങ്ങളും ദേശങ്ങളും കിഴക്കുനിന്നു (ബാബിലോണും പാർസിയും) മുതൽ പടിഞ്ഞാറേക്കു (വടക്കൻ അമേരിക്കയും റോമും) വരെ ലൂക്കോസ് പേരെടുത്തു പറഞ്ഞിരിക്കുന്നു:

> "പാർത്ഥരും മേദ്യരും എലാമ്യരും, മെസപ്പൊത്തോമ്യയിലും, യെഹൂദ്യയിലും കുപ്പദോക്യയിലും, പൊന്തോസിലും ആസ്യയിലും, ഫ്രൂഗ്യയിലും പംഫുല്യയിലും, മിസ്രയിമിലും കുറേനെക്കു ചേർന്ന ലിബ്യാപ്രദേശങ്ങളിലും പാർക്കുന്നവരും റോമയിൽനിന്നും യെഹൂദന്മാരും [യെഹൂദമതാനുസാരികളും, NIV],[33] ക്രേത്യരും അറബിക്കാരുമായ – നാം ഈ നമ്മുടെ ഭാഷകളിൽ അവർ ദൈവത്തിന്റെ വൻകാര്യങ്ങളെ"[34] പ്രസ്താവിക്കുന്നതു കേൾക്കുന്നുവല്ലൊ എന്നു പറഞ്ഞു. അവർ വിസ്മയ പരവശരായി അന്യോന്യം പറഞ്ഞു, "എന്താണ് ഇതിനർത്ഥം" (വാക്യം 9–12).[35]

12–ാം വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന "ചഞ്ചലിപ്പും ഭ്രമവും" ഉണ്ടായതു അവിടെ സന്നിഹിതരായവർക്കാണ്. അവർക്കിടയിൽ മാനുഷികസ്വാഭാവമായ, സംശയക്കാരും കൂട്ടത്തിൽ ഉണ്ടായിരുന്നു. 13–ാം വാക്യത്തിൽ നാം വായിക്കുന്നതു, "ഇതെന്തായാലും എന്നു ചിലർ വിചാരിക്കുമ്പോൾ വേറെ ചിലർ, 'ഇവർ പുതുവീഞ്ഞു[36] കുടിച്ചിരിക്കുന്നു' "[37] എന്നു പരിഹസിച്ചു പറഞ്ഞു. NIV പറയുന്നതു, "ചിലർ ... അവരെ കളിയാക്കി എന്നാണ്." അവരുടെ പ്രസ്താവന, എങ്ങനെയായാലും, വിഡ്ഢിത്തമായിരുന്നു. മദ്യപാനം ഒരിക്കലും മറ്റൊരാളുടെ ഭാഷ സംസാരിക്കയില്ല. എങ്കിലും പത്രൊസിന്റെ അഭിപ്രായം അവരുടെ പ്രസ്താവനയെ ഒന്നുമല്ലാതാക്കി.

### ഉപസംഹാരം

പത്രൊസിന്റെ അതി ഗംഭീരമായ പ്രസംഗം 2–ാം അദ്ധ്യായത്തിലെ

നമ്മുടെ പഠനത്തിൽ 14 മുതൽ 36 വരെയുള്ള വാക്യങ്ങളിൽ നിന്നു നാം എടുക്കുന്നതാണ്.

നാം അവസാനിപ്പിക്കുവാനായി, നാം നമ്മോടു തന്നെ പെന്തെ കൊസ്തു നാളിലെ ആരെപോലെയാണ് നാം എന്നു സ്വയം ചോദി ക്കുക: ഭ്രമിച്ചു ചഞ്ചലിച്ചവരെപോലെയോ അതോ പരിഹസിച്ചവരെ പോലെയോ പരിഹസിച്ചവരിൽ ആരെങ്കിലും അന്നു സ്നാനപ്പെട്ട മൂവാ യിരം പേരിൽ ഉണ്ടായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു. നിങ്ങൾക്കു വചനത്തോടുള്ള മനോഭാവം അനുസരിച്ചായിരിക്കും നിങ്ങ ളുടെ നിത്യമായ ഉദ്ദിഷ്ടസ്ഥാനം!

## പ്രസംഗ ക്കുറിപ്പുകൾ

ബാബേലിൽ സംഭവിച്ച ശാപത്തിന്റെ നേരെ എതിരായിട്ടാണ് പ്രവൃത്തി 2-ൽ സംഭവിച്ചതെന്ന് അനവധി വ്യാഖ്യാതാക്കൾ അഭിപ്രാ യപ്പെട്ടിട്ടുണ്ട്. ഉല്പത്തി 11-ൽ ശപിക്കപ്പെട്ട് പല ഭാഷകൾ നിമിത്തം ചിതറിപ്പോകുകയുണ്ടായി. എന്നാൽ പ്രവൃത്തി 2-ൽ അനേകഭാഷക്കാർ ഒരുമിച്ചു കൂടി അനുഗ്രഹിക്കപ്പെട്ടു. ധാരാളം എതിരായ കാര്യങ്ങൾ ഇതു രണ്ടിലും കാണാം: ഉല്പത്തി 11-ൽ മനുഷ്യർ തന്നെത്താൻ ഉയർ ത്താൻ ശ്രമിച്ചു; പ്രവൃത്തി 2-ൽ ദൈവത്തെ ഉയർത്തി. ഉല്പത്തി 11-ൽ ആളുകൾക്കു പരസ്പരം സംസാരിച്ചതു മനസിലായില്ല; പ്രവൃത്തി 2-ൽ മനസിലായി. ഉല്പത്തി 11-ൽ മത്സരമായിരുന്നുവെങ്കിൽ; പ്രവൃത്തി 2-ൽ കീഴ്പ്പെടൽ ആയിരുന്നു.

യെരുശലേമിന്റെ നാശത്തിനുശേഷം യെഹൂദന്മാർ, മോശെ സീനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം കൊടുത്ത തായി പെന്തെ കൊസ്തു ആഘോഷിക്കാൻ തുടങ്ങി (പുറപ്പാട് 20). ഈ രണ്ടു സന്ദർഭ ങ്ങളിലും രസകരമായ താരതമ്യം നടത്താം: പെസഹ കഴിഞ്ഞ് ഏതാണ്ട് അമ്പതാം നാൾ; സീനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം കൊടു ത്തു. പെസഹാപെരുനാളിൽ യേശുവിനെ ക്രൂശിൽ തറച്ചശേഷം വീണ്ടും വരുന്ന അമ്പതാനാളായ പെന്തെകൊസ്തു നാളിൽ സുവിശേഷപ്രസംഗം നടക്കുന്നു. ഈ രണ്ടു അവസരങ്ങളിലും, ദൈവം അത്ഭുതകരമായ അട യാളങ്ങൾ തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തി. ന്യായപ്രമാണം കൊടു ത്തപ്പോൾ മൂവായിരം പേർ മരിച്ചുപോയിരുന്നു (പുറപ്പാട് 32:28); സുവി ശേഷം പ്രസംഗിച്ചപ്പോൾ, മൂവായിരം പേർ വീണ്ടും ജനിച്ചു (പ്രവൃത്തി 2:41). ന്യായപ്രമാണം കൊടുത്തപ്പോൾ, ഭയമായിരുന്നു അനുഭവപ്പെട്ടത് (പുറപ്പാട് 19:16); സുവിശേഷം പ്രസംഗിച്ചപ്പോൾ, സന്തോഷമാണ് അനു ഭവപ്പെട്ടത് (പ്രവൃത്തി 2:46). പെന്തെകൊസ്തു പെരുനാൾ "ആദ്യഫല പ്പെരുനാൾ"; എന്നു കൂടെ അറിയപ്പെട്ടു. പ്രവൃത്തി 2-ൽ ദൈവവചന മായ വിത്തു വിതച്ചതുകൊണ്ടു പെന്തെകൊസ്തുനാളിൽ ആത്മീയമായ ആദ്യഫലങ്ങളുടെ ഉത്സവമായിരുന്നു അത് (ലൂക്കോസ് 8:11). ഇതുവരെ താല്പര്യം ജനിപ്പിക്കുന്ന പാഠം തന്നെ, യിസ്രായേൽ ജനം മിസ്രയിം അടിമത്വത്തിൽ നിന്നു പുറപ്പെട്ട് സീനായ്പർവ്വതത്തിൽ അവർക്കു ന്യായ പ്രമാണം ലഭിക്കുന്നതു വരെ അവർ അമ്പതു - ദിവസം കാത്തിരിക്കേണ്ടി

വന്നു. അതുപോലെ പഴയനിയമാവസാനം (യേശു മരിച്ചശേഷം; കൊലൊസ്യർ 2:14) പുതിയ ഉടമ്പടി പ്രവൃത്തി 2-ൽ നൽകുന്നതുവരെ. (അമ്പതുനാൾ കാത്തിരിക്കേണ്ടിവന്നു ഒരാളുടെ മരണശേഷം അയാളുടെ ഒസ്യത്ത് വായിക്കുമ്പോൾ ഒരു പരീക്ഷണസമയമുണ്ട്; നിയമപരമായി നോക്കുമ്പോൾ, ഒരാളുടെ ഒസ്യത്ത് മരണത്തോടെ പ്രാബല്യത്തിൽ വരുന്നു. അതിന്റെ പ്രായോഗികത എന്നു പറയുന്നതു, അതിന്റെ വ്യവസ്ഥ വെളിപ്പെടുത്തുമ്പോഴാണ്.)

---

കുറിപ്പുകൾ

[1]KJV യിൽ "യേരുശലേമിൽ *തുടങ്ങി*" എന്നാണ്. (എംഫസിസ്മൈൻ.) പാഠത്തിന്റെ തലവാചകത്തിനായി KJV യുടെ പദപ്രയോഗം എടുത്തിരിക്കുന്നു. [2]രണ്ടു ദിനവൃത്താന്തം 8:12, 13 പല "ചെറിയ" പെരുനാളുകളുണ്ടായിരുന്നു, ഉദാഹരണമായി പുരിം പെരുനാൾ (എസ്തേർ 9:29–32). [3]പുറപ്പാട് 34:22; സംഖ്യാ 28:26; ആവർത്തനപുസ്തകം 16:10; 2 ദിനവൃത്താന്തം 8:13. [4]പുറപ്പാട് 34:22. പകലിലെ ആഘോഷങ്ങളിൽ മുഖ്യമായ ഒന്നായിരുന്നു രണ്ടു കഷണം ബ്രഡ് വഴിപാടു കഴിക്കൽ. [5]പഴയനിയമത്തിൽ പെരുനാളിന്നു പെന്തെകൊസ്തു എന്നു ഒരിക്കലും പറഞ്ഞില്ല രണ്ടു നിയമങ്ങൾക്കും ഇടക്കു ദൈവശ്വാസമല്ലാതെ എഴുതപ്പെട്ട 2 മകാബീസിൽ, മാത്രമാണ് അങ്ങനെ പറയുന്നത്. പെരുനാളിനെ പെന്തെകൊസ്തു എന്നു പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം പറഞ്ഞിരിക്കുന്നു: പ്രവൃത്തി 2:1; 20:16; 1 കൊരിന്ത്യർ 16:8. [6]"അഞ്ച്," എന്നതിന്റെ ഗ്രീക്കു വാക്കാണ് *പെന്തെ പെന്തെകൊണ്ട* "അമ്പത്," എന്നതിന്റെ വാക്ക് *പെന്റ്കോസ്ടോസ്* അർത്ഥം "അൻപതാം" എന്നാണ് പ്രവൃത്തി 2:1-ൽ ഉപയോഗിച്ചിരിക്കുന്നതു *പെന്റ്കൊസ്ടെസ്,* അക്ഷരീകമായ അർത്ഥം "അൻപതാമത്തെ" എന്നാണ്. [7]ലേവ്യാപുസ്തകം 23:16. പിന്നീട്, യെഹൂദന്മാർ തങ്ങൾക്കു സിനായ് പർവ്വതത്തിൽ വെച്ചു ന്യായപ്രമാണം ലഭിച്ചു ദിവസമായി ഇതിനെ ആഘോഷിച്ചു വന്നു. പുറപ്പാട് 19:1-ൻ പ്രകാരം, മസ്രയിമിലെ ആദ്യത്തെ മിസ്രയിമിലെ പെസഹക്കുശേഷം അമ്പതാം നാളായി പെന്തെകൊസ്തുനാൾ വരുന്നതായി അവർ വിശ്വസിച്ചിരുന്നു. വീണ്ടും കുറെ കഴിഞ്ഞപ്പോൾ, തെറ്റിപ്പോയ സഭയുടെ എണ്ണം വർദ്ധിക്കയും "പ്രത്യേക അവധി ദിവസങ്ങളായി," പെന്തെകൊസ്തു, ആഘോഷിക്കാൻ തുടങ്ങി. അതിനെ "വിറ്റ്സൺഡെ" (വൈറ്റ് സൺഡെ) അല്ലെങ്കിൽ "വിറ്റ്സൺ ടൈഡ്" (വൈറ്റ് സൺടൈഡ്) എന്നെല്ലാം വിളിക്കാൻ തുടങ്ങി – ആ ദിവസം അവർ സ്നാനപ്പെട്ട് വെള്ള വസ്ത്രം ധരിച്ചിരുന്നു. അത്തരം ആചാരത്തെ പുതിയ നിയമത്തിൽ നാം കാണുന്നില്ല (ഗലാത്യർ 4:9–11). [8]പുറപ്പാട് 34:23 പ്രവൃത്തി2ന്റെ, സമയമായപ്പോഴേക്കും യെഹൂദന്മാർ ഭൂമിയുടെ അറ്റത്തോളം ചിതറിപോയിരുന്നു. യെഹൂദഉപദേഷ്ടാക്കന്മാർ പഠിപ്പിച്ചത് ഏതൊരു യെഹൂദ പുരുഷനും *തൊണ്ണൂറ് ദിവസത്തെ യാത്ര ചെയ്യേണ്ട ദൂരത്തിനുള്ളവർ,* എല്ലാവരും ഈ പെരുനാളുകൾക്ക് യെരുശലേമിൽ വന്നിരിക്കണം. [9]KJV പറയുന്നതു "ആലയം" എന്നാണ്; NASB യിൽ "ഭവനം" എന്നാണ് ദി ന്യൂ ടെസ്റ്റമെന്റ് ഇൻ ദി ലാങ്ഗ്വേജ് ഓഫ് ടുഡെ (ബെക്ക്) പറയുന്നതു "ദൈവത്തിന്റെ ഭവനം" എന്നാണ്. [10]യേശു "രാജ്യവും" "സഭയും" മാറി മാറി ഉപയോഗിച്ചിട്ടുണ്ട് മത്തായി 16:18, 19.

[11]*ഗ്ലോസാ* എന്ന ഗ്രീക്കിന്റെ ബഹുവനചരൂപമാണുള്ളത്. *ഗ്ലോസാ* എന്നതു വായിലെ പേശി എന്നും പേശി ഉപയോഗിച്ചുള്ള സംസാരമെന്നും ഉപയോഗിച്ചിട്ടുണ്ട്. അപ്പൊസ്തലന്മാർക്കു പ്രത്യക്ഷമായ *നാവുകൾക്കു*ശേഷം; അവർ *അന്യഭാഷകളിൽ* സംസാരിച്ചു. [12]ഗഖഢയിൽ "*പിളർന്ന* നാവുകൾ," എന്നാണ് അർത്ഥം "ഭാഗിക്കുന്ന (അല്ലെങ്കിൽ വേർപിരിക്കുന്ന) നാവുകൾ" മൂലഗ്രന്ഥത്തിൽ ആ വാക്കിന്റെ അർത്ഥം "ഭാഗിക്കൽ" എന്നാണ്. KJV യിൽ നാവ് എന്ന നാമത്തെ വിശേഷിപ്പിക്കുന്നതിനുള്ള വാക്കായിട്ടാണ്, "നാക്ക്" ഉപയോഗിച്ചിരിക്കുന്നത്. ചഅടആയിൽ നാവിന്റെ പ്രവൃത്തിയെ വിവരിക്കുന്നതായി പറയുന്നു. [13]"തീയാലുള്ള സ്നാനം" ദുഷ്ടന്മാരെ നരകത്തിൽ ശിക്ഷിക്കുന്നതാണ്. [14]NIV ൽ "അഗ്നിനാവുകൾ എന്നു തോന്നിപ്പിക്കുന്ന എന്നാണുള്ളത്." [15]നാം ഇന്ന് "വിശദീകരണം ആവശ്യമുള്ള വാക്ക്" എന്ന നിലയിലാണ് "ഗ്ലോസറി," എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. "അന്യഭാഷയിൽ സംസാരിക്കുന്ന" പ്രതിഭാസത്തെ *ഗ്ലോസാലാലിയ,* എന്നു പറയുന്നു. ശബ്ദങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതു അവരുടെ "ദേവന്മാരുടെ ഭാഷകളായിട്ടാണ്" ഇതു അവകാശപ്പെട്ടിരുന്നത്. അവരിൽ ദേവന്മാർ സംസാരിക്കുന്നതാണ് എന്നു പറഞ്ഞിരുന്നു. ഈ "മർമ്മമായ" വിഡ്ഢിത്തത്തെ നിർവൃതി ഉണ്ടാക്കുന്ന വെറും "നിലവിളിയായി" കണക്കാക്കുന്നു അതായിരു*ന്നില്ല* അപ്പൊസ്തലന്മാർ നടത്തിയത്. [17]ഇന്നു "അന്യഭാഷയിൽ സംസാരിക്കുന്ന" എന്നവകാശപ്പെടുന്നവർ വെറും അപശബ്ദമാണ്. ഈ ഭാഗത്തു മാത്രമാണ് "അന്യഭാഷ" "നിർവ്വചിക്കപ്പെട്ടിരിക്കുന്നത്," അതു നടന്നതു യഥാർത്ഥ ഭാഷയിലുള്ള സംസാരമായിട്ടായിരുന്നു. അതായതു ശരിയായ അർത്ഥമുള്ള, തിരിച്ചറിയാവുന്ന "ഭാഷ." [18]സ്തെഫാനൊസിന്റെ പ്രവൃത്തി 7–ാം അദ്ധ്യായത്തിലെ പ്രസംഗത്തിലെ ആദ്യഭാഗം വിഷയത്തെ എടുത്തു കാണിക്കുന്നു. [19]കൂടാതെ ഈ വിവരം ഗേലേസെറിയിൽ "രാജ്യവും" "സഭയും" എന്നതിലും "രാജ്യം/സഭയുടെ സ്ഥാപനം" എന്ന ലേഖനത്തിലും കാണാം. [20]120 പേർക്കും പരിശുദ്ധാത്മാവുകൊണ്ടു സ്നാനം ലഭിച്ചു എന്നു വാദിക്കന്നവർ മുഖ്യമായി യോവേൽ 2–ൽ സൂചിപ്പിച്ച സ്ത്രീകൾ എന്നതു എടുത്തുകൊണ്ടാണ് (പ്രവൃത്തി 2:17, 18) അപ്പൊസ്തലന്മാരിൽ സ്ത്രീകൾ ഇല്ലായിരുന്നു. എങ്ങനെയായലും, യോവേൽ പറഞ്ഞതെല്ലാം അന്നു നിറവേറ്റിയതായി പത്രോസ് പറഞ്ഞിരുന്നില്ല യോവേൽ 2:28–32. ഉദാഹരണമായി, സ്വപ്നങ്ങളോ ദർശനങ്ങളോ അന്നുണ്ടായിരുന്നില്ല. മറിച്ച്, യോവേൽ 2ന്റെ നിവർത്തീകരണത്തിന്റെ *ആരംഭമായിരുന്നു* പെന്തെകൊസ്തു നാളിലേക്ക് പിന്നീട്, സ്ത്രീകൾക്കും അത്ഭുതശക്തി ലഭിച്ചിട്ടുണ്ട് (21:8, 9).

[21]പ്രവൃത്തി 1 ലെ പാഠത്തിൽ, നാം കണ്ടതുപോലെ തീർച്ചയായും മാർത്ത, മറിയ, ലാസർ തുടങ്ങിയവരും യെഹൂദയിൽനിന്നുള്ളവരും അപ്പൊസ്തലന്മാരോടൊപ്പം കൂടിയിരുന്നു. [22]ദൈവാലയത്തെ സ്തെഫാനൊസ് "ആലയ" മെന്നാണ് 7:47–ൽ പറഞ്ഞതു. ചിലർ വിചരാക്കുന്നതു "ആലയം" എന്നതു പൂർണ്ണമായും ദൈവാലയത്തെ സൂചിപ്പിക്കാൻ കഴി*യില്ല* എന്നാണ്. അവർ പറയുന്നതു ദൈവാലയത്തെ ഒരിക്കലും "ആലയമെന്നു," വിളിക്കാൻ പാടില്ല എന്നാണ്. അതു ശരിയല്ല (7:47). അവർ പറയുന്നതു അപ്പൊസ്തലന്മാർക്കു ദൈവാലയത്തിൽ *ഇരിക്കാൻ* അനുവാദമില്ലായിരുന്നു എന്നാണ്, അതും വാസ്തവ വിരുദ്ധമായിരുന്നു. അവർക്കു ദൈവാലയത്തിന്റെ മുകളിലെയും വശത്തെയും മുകളിൽ ഇരിക്കാമായിരുന്നു. ജാതികൾക്കുള്ള പ്രാകാരങ്ങളിലും ഇരിക്കാമായിരുന്നു, "യേശു ദൈവാലയത്തിൽ ചെന്നപ്പോൾ *അവിടെ ഇരുന്നു* അവരെ ഉപദേശിച്ചിരിക്കുന്നു" (യോഹ

ന്നാൻ 8:2; എംഫസിസ് മൈൻ). അപ്പൊസ്തലന്മാർ മാളിക മുറിയിലിരുന്നപ്പോൾ, അവരിൽ പരിശുദ്ധാത്മാവ് വന്നു അവർ സംസാരിക്കാൻ തുടങ്ങിയെങ്കിൽ രംഗം കലക്കത്തിലാക്കുമായിരുന്നു: അപ്പൊസ്തലന്മാർ പിന്നെ ദൈവാലയത്തിലേക്കു നടന്നു വരേണ്ടിയിരുന്നു (ജനക്കൂട്ടത്തിനു ഒരുമിച്ചു കൂടുവാൻ പറ്റിയ സ്ഥലം ദൈവലയമല്ലാതെ മറ്റൊന്നില്ലായിരുന്നു) – തന്നെയുമല്ല സംഭവിക്കുന്നതിന്റെ വിവരം ആളുകൾ കൈമാറുകയും വേണമായിരുന്നു. മറിച്ച്, 2:1–4ലെ സംഭവം ജാതികൾ*ക്കുള്ള പ്രകാരത്തിലാണ്* നടക്കുന്നതെങ്കിൽ സംഭവം ലളിതം: "ആശ്ചര്യപ്പെട്ട്, ചഞ്ചലപ്പെട്ട്, ഭ്രമിച്ച" *ഓടിക്കൂടിയ* പുരുഷാരത്തോടു, പ്രസംഗിക്കുവാൻ ദൈവശ്വാസീയരായ – പ്രാസംഗികർ അവിടെയുണ്ടായിരുന്നു! [23]ഇന്നു നാം ചുറ്റും നോക്കി ചോദിച്ചേക്കാം, "എവിടെയാണ് മൈക്ക്?" എന്നാൽ അക്കാലത്ത് പരസ്യപ്രസംഗത്തിനു എലക്ട്രോണിക് ഉപകരണങ്ങൾ ഇല്ലായിരുന്നു! [24]ദീർഘവും, പ്രയാസവുമുള്ള യാത്ര ചെയ്ത്, അവിടെ വന്നിരുന്നതു ദൈവഭക്തരായ ആളുകളായിരുന്നു. ഭക്തിയുള്ള പുരുഷന്മാരായിരുന്നു സുവിശേഷപ്രസംഗം കേട്ടതും. [25]നിരവധി ഭക്തരായ ലോകത്തിന്റെ വിവിധഭാഗത്തുള്ള യെഹൂദന്മാർ ഔദ്യോഗിക വിരമിക്കലിനുശേഷം, യേരുശലേമിൽ നിന്നു സ്ഥിരമായി പാർക്കുമായിരുന്നു. പക്ഷേ ഇതൊരു പെരുനാൾ ആയതുകൊണ്ട് വിവിധദേശങ്ങളിൽ നിന്നു വന്നു കൂടിയിരുന്നു, "പാർക്കുന്ന" എന്നതു താല്ക്കാലിക വാസത്തെ സൂചിപ്പിക്കുന്നു. [26]"ശബ്ദം" എന്നതു അപ്പൊസ്തലന്മാരുടെ അന്യഭാഷാ സംസാരശബ്ദം. [27]9 മുതൽ 11 വരെ പതിനഞ്ച് ദേശക്കാരെ പറഞ്ഞിട്ടുണ്ട്, പക്ഷേ ഇവർ പ്രനിധീകരിച്ചിരുന്നവരാണ്. "ആകാശത്തിൻ കീഴിലുള്ള സകല ദേശത്തിൽ നിന്നും" യെഹൂദന്മാർ വന്നിരുന്നു എന്നു 5–ാം വാക്യം പറയുന്നു. [28]യേശുവിനെ വിചാരണ ചെയ്ത രാത്രിയിൽ പത്രോസ് മുറ്റത്തു നോക്കിയിരുന്നപ്പോൾ, എല്ലാവരും അവൻ ഗലീലക്കാരനാണെന്നു തിരിച്ചറിഞ്ഞിരുന്നു (മർക്കൊസ് 14:70; ലൂക്കോസ് 22:59), "അവന്റെ ഉച്ചാരണവും അതു തെളിയിച്ചു" (മത്തായി 26:73 നോക്കുക). ഇതു വ്യക്തമാക്കുന്നതു, അപ്പൊസ്തലന്മാർ വേറൊരു ഭാഷയും ഉച്ചാരണവും സംസാരിക്കുന്നു എന്നാണ്. [29]ഗ്രീക്കു വാക്കു തർജ്ജിമ ചെയ്തിരിക്കുന്ന "ലാങ്ങ്ഗ്വേജ്" എന്നതിന്റെ രൂപഭേദമാണ് "ഡയലെക്ട്." [30]ഇതു മനസിലാക്കേണ്ടതു "കേൾക്കുന്ന അത്ഭുതമായിട്ടല്ല സംസാരിക്കുന്ന അത്ഭുതമായിട്ടാണ്" (ലൂയിസ് ഫോസ്റ്റർ, കമെൻസ് ഓൺ ആക്സ്, ദി *NIV സ്റ്റഡിബൈബിൾ* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോൺഡെർവൻ പബ്ലിഷിങ്ങ് ഹൗസ്, 1985], 1647). ഇതു ബുദ്ധിരഹിതമായ ശബ്ദം – അന്യഭാഷയെന്ന അത്ഭുതമായി തീരുന്നു എന്നതാണ് പ്രത്യേകത, ചിലർ പറയുന്നതു പ്രവൃത്തി 2 പുസ്തകത്തിലെ *രണ്ടാമത്തെ* അത്ഭുത കേൾവിക്കാർക്കു വ്യാഖ്യാനിക്കാൻ കഴിഞ്ഞു എന്നതാണ് എങ്ങനെയായാലും, *ഏക* വാഗ്ദാനമായിരുന്നു, അപ്പൊസ്തലന്മാർക്കു ലഭിച്ചിരുന്നതു; അവർക്കു *അതായിരുന്നു* അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു, പകർന്നതു.

[31]എബ്രായ ഭാഷയിൽ നിന്നു വ്യത്യാസമുള്ള ഭാഷയായിരുന്നു അരാമ്യഭാഷ ശരാശരി യെഹൂദന്മാരുടെ, സംസാരഭാഷയായിരുന്നു അരാമ്യ. [32]*കൊയിനേ* എന്നതിന്റെ അർത്ഥം "കോമൻ" എന്നാണ്; ഗ്രീക്കിൽ ആണ് എഴുതിയത്. [33]"പ്രോസെലൈറ്റ്" എന്നതു ഗ്ലോസറിയിൽ നോക്കുക. റോമിൽ വളരെ യെഹൂദന്മാരുണ്ടായിരുന്നു, ഈ യെഹൂദന്മാർ സുവിശേഷ തല്പരരായിരുന്നു. അവർ അനേക ജാതികളെ പരിവർത്തനം ചെയ്തിട്ടുണ്ട്, അങ്ങനെ ഇവരെ പുതിയ പരിവർത്തനക്കാർ പ്രൊസെലൈറ്റ്സ് എന്നു വിളിച്ചിരുന്നു. [34]അന്യഭാഷയിൽ സംസാരിക്കുന്നു, എന്ന്

അവകാശപ്പെടുന്നവർ വെറും അർത്ഥരഹിതമായ ശബ്ദമാണ് പുറപ്പെടുവിക്കുന്ന
തു. പക്ഷേ പ്രവൃത്തി 2-ൽ സംസാരിക്കുന്നതു ശരിയാണ് "ഭാഷ" യായിരുന്നു,
ഇക്കൂട്ടർ ഒന്നും തെളിയിക്കു*ന്നില്ല*. എന്നാൽ അപ്പൊസ്തലന്മാർ കേൾവിക്കാരെ
"ദൈത്തിന്റെ വൻ കാര്യങ്ങളാണ്" കേൾപ്പിച്ചത്. അതു കേൾവിക്കാർക്കു ഓരോ
രുത്തരുടെ ഭാഷയിൽ തിരിച്ചറിയാൻ കഴിഞ്ഞു. [35]ലൂക്കോസ് പറഞ്ഞ സ്ഥലങ്ങൾ
ഒരു മ്യാപ് ഉപയോഗിച്ച് നിർണ്ണയപ്പെടുത്തുക. അവൻ കിഴക്കു നിന്നു പടിഞ്ഞാ
റേക്ക് ആണ് ലിസ്റ്റ് നിരത്തി വീണ്ടും "അറബി" യിലെത്തിയത്. അതിനൊരു ഉദ്ദേശം
ഉണ്ടായിരുന്നു. അതിന്റെ ഉദ്ദേശം എന്തെന്നോ ചില രാജ്യങ്ങളെ പറയുകയും, മറ്റു
ള്ളവയെ പറയാതിരിക്കയും ചെയ്തതു എന്തുകൊണ്ടെന്നോ നമുക്ക് അറിഞ്ഞു
കൂടാ. എങ്ങനെയായാലും അവിടെ യെഹൂദന്മാർ ഉണ്ടായിരുന്നു എന്നു തെളിയി
ക്കാൻ, ആ പ്രസ്താവന മതിയാകും എന്നു നമുക്കറിയാം "ആകാശത്തിൻ കീ
ഴുള്ള സകല ദേശത്തിൽ നിന്നും." [36]KJV യിൽ "പുതുവീഞ്ഞ" എന്നാണുള്ളത്.
മുന്തിരിയുടെ വിളവെടുപ്പ് വർഷാവസാനമായതുകൊണ്ട് മിക്ക തർജ്ജിമക്കാരും
"മധുരമുള്ള വീഞ്ഞ്" എന്നാണ് പറഞ്ഞിരിക്കുന്നത്. [37]ഇവർ എന്തുകൊണ്ടാണ് ഈ
പ്രസ്താവന നടത്തിയതെന്നു നമുക്കറിഞ്ഞുകൂടാ ഒരു പക്ഷേ അവർ അലഞ്ഞു
തിരിഞ്ഞു അവിടേക്കു വന്നവരായിരിക്കാം. അവർക്കു മനസിലാക്കാൻ കഴിയാ
ത്തതായിരുന്നതുകൊണ്ടാകാം. അതുകൊണ്ട്, അപ്പൊസ്തലന്മാർ ലഹരികൊണ്ട്
പറയുന്നതാണെന്നു ധരിച്ചു, കാരണം അവർ കാര്യം വേണ്ട വിധത്തിൽ പരിശോ
ധിച്ചില്ല എന്നതാണ്. വാസ്തവത്തിൽ, ഭാഷയാണ് അപ്പൊസ്തലന്മാർ സംസാരി
ച്ചിരുന്നത് എന്നിട്ടും, അവർ പുതുവീഞ്ഞു കുടിച്ചവർ എന്നു പരിഹസിച്ചു പറ
ഞ്ഞു. ലോകത്തിൽ മുഴുവൻ അത്തരക്കാർ ഉണ്ട്.